എൻ.ആർ.എച്ച്.എം. വഴി കോഴിക്കോട് ജില്ലയിൽ ചെലവഴിച്ച തുക

10 (6160) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എൻ. ആർ. എച്ച്. എം. വഴി കോഴിക്കോട് ജില്ലയിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

കോഴിക്കോട് ജില്ലയിൽ മെയ് 2006 മുതൽ ജൂൺ 2010 വരെ 24,36,63,409 രൂപ ചെലവഴിച്ചു. നടപ്പാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1.	JSY	45659 Beneficiaries
2.	RCH Camp	70 Nos.
3.	School Health Programme	70 Schools
4.	Health Mela	In 12 Legislative Constituencies
5.	RTI/STI Camp	12 Nos.
6.	CHC Upgradation	11 CHCs
7.	New Construction	Sewage Treatment Plant & Additional Block in IMCH Calicut
8.	Renovation	W & C Hospital Calicut and existing Block in IMCH Calicut.
9.	Vehicle provided to Urban Immunisation	1 No.
10.	Vehicles provided to Block Institutions	4 Nos.
11.	Tribal Camps	83 Nos.
12.	Training to Health Staff	Medical Officers, JPHNs, JHI, Staff Nurses etc.
13.	Ward Health Sanitation	ശുചീകരണ പ്രവർത്തനത്തിനായി 1466 വാർഡുകൾക്ക് 10,000 രൂപ വീതം മൂന്നു വർഷം നൽകി.

LIBRARY ARCHIVES Kerala Legislative Assembly

14.	United Fund	1. 330 സബ്സെന്ററുകൾക്ക് 10,000 രൂപ വീതം 4 വർഷം നൽകി. 2. 66 പി.എച്ച്.സി.കൾക്ക് 25,000 രൂപ വീതം മൂന്നു വർഷം നൽകി. 3. 18 സി.എച്ച്.സി.കൾക്ക് 50,000 രൂപ വീതം രണ്ടുവർഷം നൽകി.
15.Additional Support :		
1.	Urban Immunisation Strengthening	24 JPHNs Posted
2.	ASHA Workers recruited	2158 Nos
3.	Doctors	60 Nos
4.	AYUSH Doctors	33 Nos
5.	Staff Nurses	125 Nos
6.	Public Relation Officer	7 Nos
7.	Block Arogya Keralam Co- ordinator	16 Nos
8.	Asst. Biomedical Officer	1 No
9.	Female Co- ordinator	1 No
10.	Nutrionist	1 No
11.	Pharmacist	14 Nos
12.	Blood Bank Technician	1 No
13.	Lab Technician	1 No
14.	Electrician	1 No
15.	Unani Attender	1 No
16.	HMS Grant	5 ലക്ഷം രൂപാ വീതം 5 പ്രധാന ആശുപത്രികൾക്ക് 2 വർഷം നൽകി. 1 ലക്ഷം രൂപാ വീതം 82 ആരോഗ്യ സ്ഥാപനങ്ങൾക്ക് മൂന്നു വർഷം നൽകി.

LIBRARY ARCHIVES Kerala Legislative Assembly

17. Maintenancc Grant

1. 160 സബ്സെന്ററുകൾക്ക് 10,000 രൂപ വീതം ഒരു വർഷം നൽകി.

2. 66 പി.എച്ച്.സി.കൾക്ക് 50,000 രൂപ വീതം രണ്ടു വർഷം നൽകി.

3. 18 സി. എച്ച് സി. കൾക്ക് 1 ലക്ഷം രൂപ വീതം ഒരു വർഷം നൽകി.

എൻ.ആർ.എച്ച്.എം. വഴിയുള്ള ആരോഗ്യ-ക്ഷേമ പ്രവർത്തനങ്ങൾ

11 (6161) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം മണ്ഡലത്തിലെ പഞ്ചായത്തുകളിൽ എൻ.ആർ.എച്ച്.എം വഴി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം ആരോഗ്യ-ക്ഷേമ പ്രവർത്തനങ്ങൾ നടത്തിയെന്ന് വ്യക്തമാക്കുമോ ;

(ബി) കണ്ണമംഗലം പഞ്ചായത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രം ആരംഭിക്കുന്ന കാര്യം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(സി) പി. എച്ച്.സി. താൽക്കാലിക വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ ;

(ഡി) സ്ഥിരമായി കെട്ടിടം ഉണ്ടാകുന്നതുവരെ താൽക്കാലിക കെട്ടിടത്തിൽ പി. എച്ച്. സി. ആരംഭിക്കാനും ആവശ്യമായ സ്റ്റാഫിനെ നിയമിക്കാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മലപ്പുറം മണ്ഡലത്തിലെ ഊരകം, വേങ്ങര, കോട്ടക്കൽ, ആനക്കയം, ഒതുക്കുങ്ങൽ, പൊന്മള എന്നീ പഞ്ചായത്തുകളിലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ പൊതുവേ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചു. രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ലഭിക്കുവാൻവേണ്ടി ഒ.പി. വിഭാഗങ്ങളിൽ ടോക്കൺ സംവിധാനവും ഇരിക്കാൻ ഇരിപ്പിടവും കുടിവെള്ളവും ഏർപ്പെടുത്തി. പഞ്ചായത്തുകളിലെ ഓരോ വാർഡുകൾക്കും പ്രതിനായിരം രൂപാ വീതം വാർഡ്തല ആരോഗ്യ ശുചിത്വ കമ്മിറ്റി ഫണ്ടായി നൽകി. എല്ലാ വാർഡുകളിലേയും ശുചീകരണ പ്രവർത്തനങ്ങളും ബോധവൽക്കരണ ക്ലാസ്സും നടന്നുവരുന്നു. ബോധവൽക്കരണത്തിനായി നൂതന ബോധവൽക്കരണ ഉപാധികളും നൽകിവരുന്നു. കൂടാതെ എല്ലാ പഞ്ചായത്തുകളിലും ആശാ പ്രവർത്തകരുടെ പ്രവർത്തനവും ഫീൽഡ് തലത്തിൽ ഊർജ്ജിതമായി നടക്കുന്നു. റിപ്പോർട്ടുകളും ആശയ വിനിമയവും എളുപ്പമാക്കാൻ വേണ്ടി കമ്പ്യൂട്ടറുകളും ഇന്റർനെറ്റ് സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. അനുവദിച്ച ഫണ്ടുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly